# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2361** **05.02.2018-ൽ മറുപടിയ്ക്ക്**

## റാന്നി ഉതിമൂട്ടിൽ അപ്പാരൽ പാർക്ക്

**ചോദ്യം**
**ശ്രീ.രാജു എബ്രഹാം**

**ഉത്തരം**
**ശ്രീ.എ.സി.മൊയ്തീൻ**
**(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)**

**എ)** റാന്നി ഉതിമൂട്ടിൽ അപ്പാരൽ പാർക്ക് സ്ഥാപിക്കുന്നതിനായി കിൻഫ്രയ്ക്ക് എത്ര സ്ഥലമാണ് ലഭിച്ചിട്ടുള്ളത്; എന്നാണ് ഇത് ലഭിച്ചത്; എത്ര തുക വീതമാണ് വാർഷിക പാട്ടമായി സർക്കാരിൽ അടയ്ക്കുന്നത്; ഇതേവരെ എത്ര തുക ഈ ഇനത്തിൽ സർക്കാരിലേക്ക് അടച്ചിട്ടുണ്ടെന്ന് വർഷം തിരിച്ച് അറിയിക്കാമോ;

**എ)** റാന്നിയിൽ അപ്പാരൽ പാർക്ക് സ്ഥാപിക്കുന്നതിനായി 1.40558 ഏക്കർ സ്ഥലമാണ് കിൻഫ്ര ഏറ്റെടുത്തിരിക്കുന്നത്. 01/03/2011 ലെ സ.ഉ.(എം.എസ്)നം.135/2011/റവന്യൂ പ്രകാരമാണ് പ്രസ്തുത ഭൂമി കിൻഫ്രയ്ക്ക് 30 വർഷത്തെ പാട്ടത്തിന് നല്കിക്കൊണ്ട് ഉത്തരവായത്.
ഇതിനായി പാട്ടത്തുക ഇനത്തിൽ 24,856 രൂപയാണ് ത്രിവർഷ പാട്ടത്തുകയായി 2011-12, 2012-13, 2013-14, 2014-15, 2015-16, 2016-17 & 2017-18 വർഷങ്ങളിൽ സർക്കാരിൽ അടച്ചത്. ഇതിന്റെ തീയതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | തീയതി |
|---|---|
| 2011-12 | 08/08/2011 |
| 2012-13 | 23/07/2012 |
| 2013-14 | 06/06/2015 |
| 2014-15 | |
| 2015-16 | |
| 2016-17 | 22/03/2016 |
| 2017-18 | 15/04/2017 |

**ബി)** ഭൂമി ലഭിച്ച നാളിതുവരെയായിട്ടും അപ്പാരൽ പാർക്കിന്റെ പ്രവർത്തനം ആരംഭിക്കാതിരിക്കാനുണ്ടായ കാരണം വ്യക്തമാക്കാമോ;

**ബി)** കേരളത്തിൽ കൂടുതൽ അപ്പാരൽ പാർക്ക് തുടങ്ങുക പ്രായോഗികമല്ലെന്നും തയ്യൽ തൊഴിലാളികളെ ലഭിക്കാത്ത സാഹചര്യത്തിൽ മറ്റേതെങ്കിലും പദ്ധതിയാണ് അവിടെ യോജിച്ചതെന്നും 17/7/2014 ൽ ബഹു.വ്യവസായ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വിലയിരുത്തുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിലാണ് റൂറൽ അപ്പാരൽ പാർക്ക് എന്ന പദ്ധതി മാറ്റിയത്.

**സി)** പാട്ടക്കരാർ വ്യവസ്ഥ പ്രകാരം കരാർ ലംഘനമുണ്ടായാൽ പാട്ടഭൂമി സർക്കാരിലേക്ക് തിരിച്ച് നല്കണമെന്നിരിക്കേ മറ്റേതെങ്കിലും വ്യവസായം ഇവിടെ ആരംഭിക്കാൻ കിൻഫ്ര ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

**ഡി)** ഇതിനായി ഇതേവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

**സി) & ഡി)** പ്രസ്തുത ഭൂമിയുടെ വിനിയോഗം സംബന്ധിച്ച് ബഹു.വ്യവസായ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ സ്ഥലം എം.എൽ.എ.യുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലത്ത് 5000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു ഫാക്ടറി കെട്ടിട സമുച്ചയം നിർമ്മിക്കാമെന്നും ധാരണയായി. ഇതിന്റെ അടിസ്ഥാനത്തിൽ ഇതുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റ് ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ കിൻഫ്ര പൂർത്തീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**